(ബി) വിഴിഞ്ഞം, പൂവാർ യൂണിറ്റുകളിൽ നിന്നും ഇപ്പോൾ 2 വീതം ജൻറം സർവ്വീസ് ഉൾപ്പെടെ പ്രതിദിനം ശരാശരി 52 സർവ്വീസുകൾ വീതം ഓപ്പറേറ്റ് ചെയ്ത് വരുന്നുണ്ട്.

(സി) 23-11-2015-ലെ കണക്കുപ്രകാരം വിഴിഞ്ഞം ഡിപ്പോയിൽ 2 JNRUM ബസുകൾ ഉൾപ്പെടെ 67 ബസുകൾ ഉള്ളതിൽ 59 ബസുകൾ പ്രവർത്തനക്ഷമമായിരുന്നു. പൂവ്വാർ ഡിപ്പോയിൽ 3 JNRUM ബസുകൾ ഉൾപ്പെടെ 63 ബസുകൾ ഉള്ളതിൽ 52 ബസുകൾ പ്രവർത്തനക്ഷമമായിരുന്നു.

(ഡി) പുതിയ ബസുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് ആവശ്യമായ ബസുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക സ്ഥിതി

336 (347) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യ്ക്ക് ഇപ്പോൾ പ്രവർത്തനക്ഷമമായതും, സർവ്വീസ് നടത്തുന്നതുമായ എത്ര ബസ്സുകൾ ഉണ്ടെന്നും ആകെ ജീവനക്കാർ എത്രയെന്നും വ്യക്തമാക്കുമോ ;

(ബി) 2010-11 സാമ്പത്തിക വർഷത്തിൽ കെ.എസ്.ആർ.ടി.സി.യുടെ മൊത്ത വരുമാനം എത്ര കോടി രൂപയായിരുന്നു; 2014-15 വർഷത്തെ മൊത്ത വരുമാനം എത്ര കോടിയാണ്; 2015-16 വർഷത്തെ ബഡ്ജറ്റ് പ്രകാരം പ്രതീക്ഷിക്കുന്ന മൊത്ത വരുമാനം എത്ര കോടിയാണ് ;

(സി) കെ.എസ്.ആർ.ടി.സി. 2010-11 -ന് ശേഷം നാളിതുവരെ എത്ര തവണ ബസ് ചാർജ് വർദ്ധിപ്പിക്കുകയുണ്ടായി ; ഓരോ തവണയും വർദ്ധിപ്പിച്ചത് എത്ര ശതമാനം വീതമായിരുന്നു ;

(ഡി) 2010-11 സാമ്പത്തിക വർഷത്തിൽ കെ.എസ്.ആർ.ടി.സി. യുടെ നഷ്ടം മൊത്തം എത്ര കോടി രൂപയായിരുന്നു. 2014-15 വർഷത്തിൽ ഇത് എത്ര കോടിയായി വർദ്ധിച്ചു; കെ.എസ്.ആർ.ടി.സി യുടെ ഇപ്പോഴത്തെ കട ബാധ്യതകൾ മൊത്തം എത്ര കോടി രൂപയാണ്?

ഉത്തരം

(എ) 23-11-2015-ലെ കണക്കുപ്രകാരം കെ.എസ്.ആർ.ടി.സി.ക്ക് 5,566 ബസുകൾ ഉള്ളതിൽ 4,838 ബസ്സുകൾ പ്രവർത്തനക്ഷമമണ്.

36843 സ്ഥിരം ജീവനക്കാരും 11361 താൽക്കാലിക ജീവനക്കാരും ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2010-11 സാമ്പത്തിക വർഷത്തിൽ കെ.എസ്.ആർ.ടി.സി.യുടെ മൊത്തം വരുമാനം 1294.09 കോടി രൂപയായിരുന്നു.

2014-15-ലെ താൽക്കാലിക കണക്കനുസരിച്ച് മൊത്ത വരുമാനം 2029.05 കോടി രൂപയാണ്.

2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രകാരം KSRTC പ്രതീക്ഷിക്കുന്ന മൊത്ത വരുമാനം 2612.02 കോടി രൂപയാണ്.

(സി) 3 തവണ

1. 8-8-2011 - മിനിമം നിരക്ക് - 8.12%
2. 11-11-2012 - മിനിമം നിരക്ക് - 18.24%
3. 20-5-2014 - മിനിമം നിരക്ക് - 15.60%

(ഡി) 2010-11 സാമ്പത്തിക വർഷത്തിൽ കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം 381.62 കോടി രൂപയായിരുന്നു.

2014-15-ലെ കണക്കനുസരിച്ച് (പ്രൊവിഷണൽ) 621.28 കോടി രൂപയായി വർദ്ധിച്ചു.

കെ.എസ്.ആർ.ടി.സി. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമെടുത്ത വായ്പയെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.(31-10-2015-ലെ കണക്ക് പ്രകാരം)

സ്ഥാപനം	തുക (കോടിയിൽ)
HUDCO	182.19
KTDFC	1205.46(L.T Loan)
LIC	65.00
KST 133	7.90
DCB PLKD	166.90
DCB EKM	86.59
KSPIFC	14.60
TOTAL	1953.76

LIBRARY ARCHIVES Kerala Legislative Assembly

31-10-2015-ലെ കണക്ക് പ്രകാരം 1471.56 കോടി രൂപ സർക്കാരിന് KSRTC വായ്പാ തിരിച്ചടവിനത്തിൽ നൽകാനുണ്ട്. ടി ഇനത്തിൽ 2013-14 വരെ KSRTC-ക്ക് അനുവദിച്ച് നൽകിയ 1090.75 കോടി രൂപയുടെ വായ്പ സർക്കാരിന്റെ KSRTC-യിലുള്ള ഓഹരിയാക്കി മാറ്റാമെന്ന് തത്വത്തിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം ശേഷിക്കുന്ന സർക്കാരിൽ നിന്നുള്ള വായ്പാ ബാധ്യത 380.81 കോടി രൂപയാണ്.

കെ.എസ്.ആർ.ടി.സി. കണ്ടക്ടർ ആയ ശ്രീ. എ. സുലൈമാന്റെ പേഴ്സണൽ സ്റ്റാഫ് നിയമനം

337 (348) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.തിരുവനന്തപുരം സിറ്റി ഡിപ്പോയിൽ കണ്ടക്ടറായ ശ്രീ. സുലൈമാൻ എ. എന്ന് മുതൽക്കാണ് പേഴ്സണൽ സ്റ്റാഫിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടത് ;

(ബി) ടിയാന്റെ ഡെപ്യൂട്ടേഷൻ കാലത്തേക്കുള്ള പെൻഷൻ കോൺട്രിബ്യൂഷൻ പൂർണ്ണമായി കെ.എസ്.ആർ.ടി.സി. യിൽ ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഏതൊക്കെ കാലയളവിലുള്ളതാണ് ഇനി ലഭിക്കാനുള്ളത് ; വിശദമായ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ;

(സി) ഇത് സംബന്ധിച്ച് ടിയാളുടെ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തൽ വരുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ശ്രീ. എ. സുലൈമാൻ, കണ്ടക്ടർ 2005 ഏപ്രിൽ 8 മുതൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടു.

(ബി) പൂർണ്ണമായും ലഭിച്ചിട്ടില്ല. ആകെ 15 മാസങ്ങളിലെ പെൻഷൻ കോൺട്രിബ്യൂഷൻ തുക (Dec-08, Jan-2009, Feb-2009, Mar-2009, April-2009, Jun-2009, July-2009, Oct-2009, Nov-2009, Dec-2009, Mar-2010, May-2010, Jan-2011, April-2011, Dec-2011) മാത്രം ലഭിച്ചിട്ടുള്ളതായാണ് രേഖകളിൽ കാണുന്നത്. ബാക്കിയുള്ള പെൻഷൻ കോൺട്രിബ്യൂഷൻ തുകയുടെ വിശദാംശങ്ങൾ അറിയിക്കുവാൻ പൊതുഭരണ വകുപ്പ് സെക്രട്ടറിക്കുള്ള 21-11-2015 തീയതിയിലെ കത്ത് പ്രകാരം ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഇല്ല.

മേൽ വിശദാംശങ്ങൾ ലഭ്യമാക്കിയ ശേഷം ആയത് സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly